Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8075303289

13.2.2018

Sir/Mam,

Ref:
1) G.O.(Ms)No. 194/67/Home dated 22.6.1967.
2) Judgment in O.P.No.9560 of 1988-S High Court of Kerala.
3) Circular F4/129/2017/I&PRD/HAJMUNISA ALI AKBAR (JOINT SECRETARY)
4) Conditions for Issue of Loud-speaker Licence Notification U6-30380 dtd. 28.11.2002.
5) Order of District Magistrate S9-54315/2014 dtd.23.9.2014.

**സ്വഭവനത്തിൽ സ്വൈരമായി കഴിയാനുള്ള മനുഷ്യാവകാശം**

എന്റെ അപേക്ഷ സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

പൗണ്ട്കടവിൽ 10.2.2018 ന് 4:30 pm മുതൽ 10:30 pm വരെയും 11.2.2018 ന് 4:30 am മുതൽ 11:00 pm വരെയും 12.2.2018 4:55 am മുതൽ 13.2.2018 12:30 am വരെയും 13.2.2018 4:00 am മുതലും Ref ൽ പറഞ്ഞിട്ടുള്ളവയിലെ പല Conditions ഉം ലംഘിച്ചുകൊണ്ട് **Sri. Viswanathan, Matha Sounds, Poundkadavu, Trivandrum-695021** എന്ന ആളുടെ അനേകം ഉച്ചഭാഷിണികൾ 300 മീറ്റർ ദൂരപരിധി ലംഘിച്ച് നാട്മുഴുവൻ ക്രമീകരിച്ച് അരോചകമായി ഉപയോഗിച്ച് പൊതുജനങ്ങളെ ദ്രോഹിച്ചു. 13.2.2018 12:30 am ന് അതായത് **ഇന്നലെ അർത്ഥരാത്രി** 10 pm നും 6 am നും ഇടക്ക് ഉച്ചഭാഷിണി ഉപയോഗിക്കാൻ പാടില്ല എന്ന നിയമം ലംഘിച്ച് സംഭാവന നൽകിയവരുടെ പേരും വിലാസവും റെക്കോർഡ് ചെയ്തത് ഉച്ചത്തിൽ ആവർത്തിച്ച് ഉച്ചഭാഷിണികളിലൂടെ കേൾപ്പിക്കാൻ പോലും ഇയാൾ ധൈര്യപ്പെട്ടിരിക്കുന്നു.

20.1.2016, 11:00 pm ന് ഇയാൾ ഈ വിധം ഉച്ചഭാഷിണികൾ ഉപയോഗിച്ചതിന് അന്നത്തെ ജില്ലാകളക്ടർ ഇയാൾക്കെതിരെ നടപടിയെടുത്തിരുന്നു.

ഇന്നത്തെ പത്രമാധ്യമങ്ങളിൽ വന്ന വാർത്തയിൽ "*പരീക്ഷക്കാലം മുൻനിർത്തി ശബ്ദ മലിനീകരണത്തിനെതിരെ കർശന നടപടികൾക്ക് ജില്ലാകേന്ദ്രം ഒരുങ്ങുന്നു. ഉച്ചഭാഷിണികൾ അനുവദനീയമായ തോതിലും കൂടുതൽ ശബ്ദത്തിലും ഉപയോഗിക്കുന്നത് പരിശോധിക്കുന്നതിന് അസി. കളക്ടർ അനുപം മിശ്രയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചതായി കളക്ടർ കെ. വാസുകി അറിയിച്ചു. സ്ക്വാഡ് ചൊവ്വാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തും. തഹസീൽദാർ, സ്റ്റേഷൻ ഹൗസ് ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് സ്ക്വാഡ്.*" എന്ന് കണ്ടു. അതിൽ പറഞ്ഞിരുന്ന ഫോൺ നമ്പരിൽ വിളിച്ചിട്ട് ഒരു ഫലവുമുണ്ടായില്ല. ഇതിൽ അൽപ്പമെങ്കിലും സത്യമോ ആത്മാർത്ഥതയോ ഉണ്ടെങ്കിൽ നോയിസ് പൊല്യൂഷൻ റൂൾസ് മുഴുവൻ ലംഘിച്ച് 10.2.2018 മുതൽ 13.2.2018 വരെ ഉച്ചഭാഷിണികൾ ഉപയോഗിച്ച **Sri. Viswanathan, Matha Sounds, Poundkadavu, Trivandrum-695021** എന്ന ആൾക്കെതിരെ Kerala Police Act, Noise Pollution Rules-2000 എന്നിവ പ്രകാരം കേസെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

പലവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്നവരും, പിഞ്ചുകുഞ്ഞുങ്ങളും, പരീക്ഷക്ക് പഠിക്കുന്ന വിദ്യാർത്ഥികളും ഉൾപ്പെടെ സ്വഭവനങ്ങളിൽ സ്വൈരമായി കഴിഞ്ഞ ആബാലവൃദ്ധജനങ്ങളും ഇയാളുടെ ദുഷ്കർമ്മത്തിന്റെ ദൂഷ്യഫലങ്ങൾ അനുഭവിച്ചു.

താഴെ പറയുന്നതു പ്രകാരം പല തവണ ഈ വിഷയത്തിൽ പരാതിപ്പെട്ടെങ്കിലും ഒരു പ്രയോജനവുമുണ്ടായില്ല. കൂടാതെ CP TVM, ACP Cyber city, SI Thumba എന്നിവർക്കും ഇന്നലെ (12.2.2018) ഇത്തരത്തിലുള്ള പരാതി (Email) സമർപ്പിച്ചിട്ടുമുണ്ട്.

| Sl.# | Date | Time | To | Remarks |
|---|---|---|---|---|
| 1 | 6.2.2018 | 12:16 pm | 1090 | |
| 2 | 10.2.2018 | 10:07 pm | 1090 | |
| 3 | 10.2.2018 | 10:35 pm | 1090 | |
| 4 | 11.2.2018 | 4:53 am | 1090 | |
| 5 | 11.2.2018 | 5:21 am | 1090 | |
| 6 | 11.2.2018 | 10:34 pm | 1090 | |
| 7 | 11.2.2018 | 4:37 am | 2563754 | |
| 8 | 11.2. 2018 | 5:47 am | 2730045 | |
| 9 | 11.2. 2018 | 10:19 pm | 2563754 | |
| 10 | 11.2. 2018 | 10:32 pm | 2563754 | Reduced Volume at 11:00 pm |
| 11 | 12.2. 2018 | 7:56 am | 2563754 | |
| 12 | 12.2.2018 | 11:05 pm | 2730045 | |
| 13 | 12.2.2018 | 11:38 am | 2563754 | |
| 14 | 12.2.2018 | 11:01 pm | 2563754 | |
| 15 | 13.2.2018 | 12:28 am | 2563754 | Stopped after complaint |

താഴെ പറയുന്നതു നിയമ ലംഘനങ്ങൾ വ്യക്തമായി നടത്തി.

| Sl.# | Rule | Remarks |
|---|---|---|
| 1 | Circular Guidelines No.2 | ലംഘനം |
| 2 | U6-30380 Condition No.6 | 10 pm നും 6 am നും ഇടക്ക് ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ല എന്നതിന്റെ ലംഘനം. |
| 3 | U6-30380 Condition No.7 | 45-55 എന്ന Db level ലംഘിച്ച് 70 Db ന് മുകളിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുക. |
| 4 | U6-30380 Condition No.12 | 300 മീറ്റർ ദൂരപരിധി ലംഘനം. |

നോയിസ് പൊലൂഷൻ റൂൾസ് 2000 അനുസരിക്കാതെ ഉച്ചഭാഷിണി ഉപയോഗിച്ചാൽ 5 വർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ നൽകാം.

മേൽപറഞ്ഞ കാര്യങ്ങൾ അതീവ ഗൗരവമായി കണ്ട് സമൂഹത്തിൽ നിലനിൽക്കുന്ന ഉച്ചഭാഷിണി ഉപയോഗിച്ചുള്ള പൊതുജനദ്രോഹം അവസാനിപ്പിക്കുന്നതിലേക്കായി കോടതിയിൽ പരാജയപ്പെടാത്ത വിധം തെളിവെടുത്ത് ടി കുറ്റക്കാരനെതിരെ മാതൃകാപരമായ ശിക്ഷ ലഭിക്കുമാറ് അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥർ സ്വമേധയാ Kerala Police Act, Noise Pollution Rules-2000 എന്നിവ പ്രകാരം കേസെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash S)